# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4975 27/10/2016-ൽ മറുപടിയ്ക്ക്

**ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യകൃഷി**

| | ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; | എ) | സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ പരമ്പരാഗത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർക്കുന്നു. |
| ബി) | ഈ മത്സ്യതൊഴിലാളികൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും മറ്റും സഹായകമാകുന്ന തരത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നൂതനമായ പദ്ധതികൾ നടപ്പിലാക്കുമോ; | ബി) യും സി) യും | മത്സ്യതൊഴിലാളികൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും മറ്റും സഹായകമാകുന്ന തരത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന നൂതന പദ്ധതികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു. |
| സി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ആഫീസർ

## അനുബന്ധം (എ)

1. ഉൾനാടൻ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് നേരിട്ട് നടത്തിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II. ടി പദ്ധതിയിലൂടെ കേരളത്തിലെ 14 ജില്ലകളിലായി അനുയോജ്യമായ ശുദ്ധജല, ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി മത്സ്യകൃഷി നടത്തിവരുന്നു. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം 2015-18 വർഷകാലയളവിൽ 1.5 ലക്ഷം ടൺ അധികമായി ഉയർത്തുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.

2. മത്സ്യകൃഷി വികസനത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ എഫ് എഫ് ഡി എ മുഖേന പുതിയ കുളങ്ങളുടെ നിർമ്മാണം, കുളങ്ങളുടെ നവീകരണം, ഇൻപുട്ട് സബ്സിഡി, റിസർവ്വോയർ ഫിഷറീസ്, നൂതന മത്സ്യകൃഷി രീതികൾക്കായി മത്സ്യകർഷകർക്കുള്ള പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തികവർഷം മോഡൽ ഫിഷ് ഫാം പദ്ധതി നടപ്പിലാക്കുന്നതിന് 25 ലക്ഷം രൂപ 14 ജില്ലാ ആഫീസുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

3. 2016-17 സാമ്പത്തികവർഷം സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷിരീതികൾ വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം നൂതന മത്സ്യകൃഷിയുടെ ഡെമോൺസ്ട്രേഷൻ ഫാമുകൾ/ പ്രദർശന കുളങ്ങൾ നടപ്പിലാക്കുന്നതിന് 5.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4. പൊയ്യ ഫിഷ് ഫാമിൽ കരിമീൻ, പൂമീൻ, തിരുത എന്നിവയുടെ സമ്മിശ്ര മത്സ്യകൃഷി നവീന മത്സ്യകൃഷി രീതികളായ കാളാഞ്ചികൃഷി, പൊംപാനോ (അമേരിക്കൻ ആവോലി) എന്നിവയുടെ കൃഷി നടപ്പിലാക്കി വരുന്നു. കർഷകർക്ക് ഗുണനിലവാരമുള്ള പൂമീൻ വിത്തുകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ അഡാക്ക് മുഖേന കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ – നെൽകൃഷി എന്ന പദ്ധതി (2015-19) ആലപ്പുഴ (100 ഹെക്ടർ) എറണാകുളം (100 ഹെക്ടർ), തൃശ്ശൂർ (100 ഹെക്ടർ), കണ്ണൂർ (300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ആഫീസർ**

## അനുബന്ധം (ബി)

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ നേരിട്ടും മത്സ്യസമൃദ്ധി പദ്ധതിയിലൂടെയും ഏജൻസികൾ മുഖേനയും പൊതു ജലാശയങ്ങളിൽ മത്സ്യ/കൊഞ്ചു നിക്ഷേപം (ഓപ്പൺ വാട്ടർ റേഞ്ചിംഗ്) നടത്തി മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തികവർഷം സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതികൾ വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം നൂതന മത്സ്യകൃഷിയുടെ ഡെമോൺസ്ട്രേഷൻ ഫാമുകൾ നടപ്പിലാക്കുന്നതിന് 5.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2016-17 സാമ്പത്തികവർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 4 പ്രൊപ്പോസലുകൾ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷം 6 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് 7,29,000 പൂമീൻ കുഞ്ഞുങ്ങളെ മേൽപറഞ്ഞ ജില്ലകളിലെ പൊതു ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ പൊതു ജലാശയത്തിൽ മത്സ്യ/കൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 5 ലക്ഷം രൂപ വീതം 9 ജില്ലകൾക്ക് 45 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യസമൃദ്ധി II പദ്ധതിയിലൂടെ പൊതു ജലാശയങ്ങളിലെ (സോഷ്യൽ ഫിഷറീസ്) മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം മൂന്ന് വർഷ കാലയളവിലേയ്ക്ക് 210 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ഇതിൽ 2 വർഷത്തെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പൊതു ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി വ്യാപകമാക്കിയതിലൂടെ ഉൾനാടൻ മത്സ്യസമ്പത്തും പരമ്പരാഗത അനുബന്ധ മത്സ്യത്തൊഴിലാളികളുടെ തൊഴിലും വരുമാന മാർഗ്ഗവും വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ സാധ്യമാക്കുന്നു.

സെക്ഷൻ ആഫീസർ